# ഓപ്പറേഷൻ ഗുണ്ട നടപടികൾ ശക്തമാക്കി

ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി വരുന്ന ഓപ്പറേഷൻ ഗുണ്ടയുടെ ഭാഗമായി ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ 3 ക്രിമിനൽ കേസുകളിൽ പ്രതിയായി 20 വർഷക്കാലമായി ഒളിവിലായിരുന്ന ആലപ്പുഴ മാളികമുക്ക് സ്വദേശി നിസാർ, വിവിധ മോഷണക്കേസുകളിൽ പ്രതിയായി ഒളിവിൽ കഴിഞ്ഞിരുന്ന വള്ളികുന്നം പുത്തൂരേത്ത് സ്വദേശി ഷജീർ, കായംകുളം പോലീസ് സ്റ്റേഷനിൽ 13 വർഷമായി കിമിനൽ കേസിൽ ഉൾപ്പെട്ട് ഒളിവിൽ കഴിഞ്ഞ പെരിങ്ങാല സ്വദേശി ഷിബി, മാന്നാർ പോലീസ് സ്റ്റേഷനിൽ കഴിഞ്ഞ വർഷം 3 ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട് ഒളിവിൽ കഴിഞ്ഞിരുന്ന മാന്നാർ എണ്ണയ്ക്കാട് സ്വദേശികളായ അഖിൽ, ശശി, അമ്പലപ്പുഴ, കോമന സ്വദേശി രാഹുൽ, അനന്ദു എന്നിവരെ ജില്ലാ പോലീസ് മേധാവിയുടെ ആന്റി ഗുണ്ടാ സ്ക്വാഡിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ അറസ്റ്റ് ചെയ്തു. കൂടാതെ കാപ്പാ നിയമം ശക്തമായി നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഒരു മാസക്കാലയളവിൽ 6 പേരെ അറസ്റ്റ് ചെയ്ത് തടങ്കലിൽ പാർപ്പിച്ചിട്ടുള്ളതാണ്. ജില്ലയിലെ സാമൂഹ്യ വിരുദ്ധർക്കെതിരെ വരും ദിവസങ്ങളിലും ശക്തമായ നടപടികൾ ഉണ്ടാകുമെന്ന് അറിയിക്കുന്നു.


അഖിൽ


നിസാർ


ഷജീർ


ഷിബി